പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1614 **01-07-2026-ൽ മറുപടിയ്ക്ക്**

നെൽ കർഷകർക്ക് സംഭരണ വില

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) കുട്ടനാട്ടിലെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ എത്ര തുക കുടിശ്ശികയുണ്ട്; വിശദമാക്കുമോ;

മറുപടി: ഒരു കിലോ നെല്ലിന് സർക്കാർ അനുവദിച്ച നിരക്ക് ₹30.12 പ്രകാരം കുട്ടനാട് കാർഷികമേഖലയിൽ നിന്ന് സംഭരിച്ച നെല്ലിന്റെ ആകെ വില ₹403.85 കോടി രൂപയാണ്. ഇതിൽ 23.06.2026 വരെ ₹181.69 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. കർഷകർക്ക് ഇനി നൽകാനുള്ള നെല്ലിന്റെ വില ₹ 222.16 കോടി രൂപയാണ്.

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടില്ല. കേരളത്തിൽ മുഴുവനായും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പാഡി മാർക്കറ്റിംഗ് ഓഫീസർമാർ നിലവിൽ 15.05.2026 വരെ വെരിഫൈ ചെയ്ത പി.ആർ.എസ്.-കൾക്കാണ് നൽകിയിട്ടുള്ളത്. ബാക്കി തുക ബാങ്കുകൾ വഴി പി.ആർ.എസ് വായ്പയായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി നൽകുവാൻ റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

മറുപടി: നിലവിൽ സംഭരണവില കർഷകർക്ക് നൽകുവാൻ റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ ചർച്ചകൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ